<u>രജിസ്റ്റേർഡ് (എഡി സഹിതം)</u>

## ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം

വഞ്ചിയൂർ പി.ഒ, തിരുവനന്തപുരം പിൻ- 695035

ഫോൺ: 0471 2302490 ഫാക്സ്: 0471 2303025 / 2303080

ഇമെയിൽ: dhskerala.hlth@kerala.gov.in വെബ്സൈറ്റ്: www.dhs.kerala.gov.in

---

**DHS/9711/2026-EA4** തീയതി. **07-06-2026**

## <u>കാരണം കാണിക്കൽ നോട്ടീസ്</u>

വിഷയം: ആരോഗ്യവകുപ്പ്- ജീവനക്കാര്യം - ഡോ നീതു വി ജയൻ (**Dr Neethu V Jayan**) , അസിസ്റ്റന്റ് സർജൻ / കാഷ്വാൽറ്റി മെഡിക്കൽ ഓഫീസർ - അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് - തുടർ നടപടി സ്വീകരിക്കുന്നത് – സംബന്ധിച്ച്

പരാമർശം: **1. DMOH-KSD/5305/2025-A1** തീയതി **22.04.2026**

ഡോ നീതു വി ജയൻ (**Dr Neethu V Jayan**), എന്ന താങ്കൾ **16.02.2024** ന് ആരോഗ്യ വകുപ്പിൽ സേവനത്തിൽ പ്രവേശിച്ചു. കാസർഗോഡ് റ്റാറ്റാ ട്രസ്റ്റ് ഗവ ആശുപത്രിയിൽ അസിസ്റ്റന്റ് സർജൻ തസ്തികയിൽ ജോലി ചെയ്തു വരവെ ഉപരി പഠനം പൂർത്തിയാക്കുന്നതിനായി സേവനത്തിൽ നിന്നും വിടുതൽ ചെയ്തിരുന്നു. **17.02.2024** മുതൽ **24.10.2025** വരെ പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിരുന്നു. കോഴ്സ് അവസാനിച്ചമുറയ്ക്ക് തിരികെ സേവനത്തിൽ പ്രവേശിപ്പിക്കുന്നതിന് താങ്കൾ അപേക്ഷ സമർപ്പിച്ചിരുന്നില്ല.

(2). കോഴ്സ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള കോഴ്സ് കാലയളവിലേയ്ക്കു മാത്രമേ കെ എസ് ആർ ഭാഗം 1 അനുബന്ധം XII B യിലെ വ്യവസ്ഥകൾക്ക് വിധേയമായി പഠനാവശ്യത്തിന് ശൂന്യവേതനാവധി അനുവദിക്കുന്നതിന് നിർവ്വാഹമുള്ളൂ. ഡോ നീതു വി ജയന്റെ കോഴ്സ് ഒക്ടോബർ **2025** ന് അവസാനിച്ചിരുന്നു. **25.10.2025**ന് സേവനത്തിൽ പുനഃപ്രവേശിക്കേണ്ടിയിരുന്ന താങ്കൾ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നതായി കണക്കാക്കുന്നു. പ്രൊബേഷൻ കാലാവധിയ്ക്കുള്ളിൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്നതിനാൽ താങ്കളുടെ വർക്ക് ആന്റ് കോണ്ടക്ട് തൃപ്തികരമായി കാണക്കാക്കുന്നതിന്

കഴിയാത്തതിനാൽ 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങൾ പാർട്ട് II റൂൾ 19 (a) (ii) പ്രകാരം താങ്കളുടെ പ്രൊബേഷൻ അവസാനിപ്പിക്കുന്നതിനും സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനും താത്കാലികമായി തീരുമാനിക്കുന്നു.

(2) ടി സാഹചര്യത്തിൽ മേൽ ഖണ്ഡിക പ്രകാരമുള്ള താത്കാലിക തീരുമാനത്തിനെതിരായി താങ്കൾക്ക് എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് നോട്ടീസ് ലഭിച്ച് 15 (പതിനഞ്ച്) ദിവസത്തിനകം രേഖാമൂലം ബോധിപ്പിക്കേണ്ടതാണ്. ടി വിഷയത്തിൽ താങ്കളെ നേരിട്ട് കേൾക്കണമെന്ന് ആഗ്രഹിക്കുന്നുവെങ്കിൽ ആയത് നോട്ടീസിനുള്ള മറുപടിയിൽ വ്യക്തമാക്കിയിരിക്കേണ്ടതാണ്. തൽസംബന്ധമായ വിശദീകരണം ടി കാലയളവിനുള്ളിൽ ലഭ്യമാക്കാത്തപക്ഷം താങ്കൾക്ക് ഇക്കാര്യത്തിൽ യാതൊന്നും ബോധിപ്പിക്കുവാനില്ലെന്ന നിഗമനത്തിൽ താങ്കളുടെ പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള താത്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

Digitally signed by
Reena K J
Date: 07-06-2026
12:10:47

**Dr REENA K J**

**DIRECTOR OF HEALTH SERVICES**

സ്വീകർത്താവ്,

**Dr Neethu V Jayan,**

**14/65 K, Panchjanyam, Thazhvaram Lane,**

**Kattuvila Peyad PO- 695573**

(രണ്ടു പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു. ഒരു പകർപ്പ് താങ്കളുടെ തീയതിയോടു കൂടിയ ഒപ്പ് രേഖപ്പെടുത്തി തിരികെ ലഭ്യമാക്കേണ്ടതാണ്)

പകർപ്പ്,

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള,
തിരുവനന്തപുരം.

2. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം),
കാസർഗോഡ്.

3. സൂപ്രണ്ട്,
റാറ്റാ ട്രസ്റ്റ് ഗവ ആശുപത്രി കാസർഗോഡ്,
(ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തരം)

4. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റ്
5. ഫയൽ